ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:06.11.2024**

## പ്രധാനവാർത്തകൾ

1. **ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് കാമ്പെയ്ൻ 3.0 ക്ക് ഇന്ന് തുടക്കം.**
2. **സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് പ്രചാരണം അന്തിമഘട്ടത്തിൽ ; പാലക്കാട് ഹോട്ടൽ മുറികളിൽ പൊലീസ് പരിശോധന നടത്തിയതിൽ പരസ്പരം ആരോപണം ഉന്നയിച്ച് മുന്നണികൾ.**
3. **അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഡൊണൾഡ് ട്രംപിന് മുന്നേറ്റം.**
4. **സംസ്ഥാന സ്കൂൾ കായിക മേളയിൽ തിരുവനന്തപുരം ആധിപത്യം തുടരുന്നു.**
5. **രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളം ഉത്തർപ്രദേശിനെ നേരിടുന്നു ; സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാം സെമിയിൽ ഇന്ന് കണ്ണൂർ, കൊച്ചിയെ നേരിടും.**

*********************************

ജിതേന്ദ്ര സിംഗ്

ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് കാമ്പെയ്ൻ 3.0 ക്ക് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. 800 നഗരങ്ങളിലും ജില്ലകളിലുമായി പെൻഷൻ-

RNU TVPM

പെൻഷനേഴ്സ് വെൽഫെയർ വകുപ്പ് രാജ്യവ്യാപകമായി നടത്തുന്ന കാമ്പയിൻ ഈ മാസം 30 വരെ തുടരും.

*******************************

## നിതി ആയോഗ്

നിതി ആയോഗ് സംഘടിപ്പിക്കുന്ന 15 ദിവസത്തെ ജൽ ഉത്സവിന് ഇന്ന് തുടക്കം. ജലവിനിയോഗം, സംരക്ഷണം, സുസ്ഥിരത എന്നിവയെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം വർദ്ധിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. തെരഞ്ഞെടുക്കപ്പെട്ട 20 ജില്ലകളേയും ബ്ലോക്കുകളെയും പങ്കെടുപ്പിച്ചുകൊണ്ട് ഈ മാസം 24 വരെയാണ് ജൽ ഉത്സവ് സംഘടിപ്പിക്കുന്നത്.

*******************************

## വയനാട്- ഉപതിരഞ്ഞെടുപ്പ്

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം അന്തിമഘട്ടത്തിലേക്ക്. വയനാട് മണ്ഡലത്തിലെ എൽഡിഎഫ് സ്ഥാനാർഥി സത്യൻ മൊകേരിയുടെ പ്രചാരണ കൺവൻഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. യുഡിഎഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധി ഈ മാസം എട്ടിനും ഒൻപതിനും മൂന്നാംഘട്ട പ്രചാരണം നടത്തും. എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസിന്റെ പ്രചാരണത്തിനായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി വരുംദിവസങ്ങളിൽ പ്രചാരണത്തിനെത്തും.

RNUTVPM

*******************************

## പാലക്കാട് ... ഇൻട്രോ

ഹോട്ടൽമുറികളിൽ നടന്ന പോലീസ് പരിശോധനയുമായി ബന്ധപ്പെട്ട രാഷ്ട്രീയ വിവാദമാണ് നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട്ടെ പ്രചാരണ രംഗത്തെ ഇപ്പോൾ ചൂട് പിടിപ്പിച്ചിരിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്....**

(വോയ്സ്)

***********************************

## പാലക്കാട്

പാലക്കാട് അർധരാത്രി നടത്തിയ പരിശോധന സിപിഎമ്മിന്റെയും ബിജെപിയുടെയും രാഷ്ട്രീയ ഗൂഢാലോചനയാണെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ ആരോപിച്ചു. എന്നാൽ, ഷാഫിപറമ്പിലിന്റെ നേതൃത്വത്തിൽ പാലക്കാട് ഉപതെരഞ്ഞെടുപ്പിൽ വ്യാപകമായി കള്ളപ്പണം ഉപയോഗിക്കുന്നുവെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ ആരോപിച്ചു. എല്ലാ മുറികളും പരിശോധിക്കാൻ കോൺഗ്രസ് നേതാക്കൾ അനുവദിച്ചില്ലെന്നും പോലീസിന് വീഴ്ചപറ്റിയെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.എന്നാൽ പാലക്കാട് നടന്നത് പൊലീസിൻറെ സാധാരണ പരിശോധനയാണെന്നും കോൺഗ്രസ് കാര്യങ്ങൾ വളച്ചൊടിക്കുകയാണെന്നും മന്ത്രി എം.ബി രാജേഷ് പ്രതികരിച്ചു.

RNU TVPM

***********************************

## വോട്ടിങ് യന്ത്രങ്ങൾ

വയനാട് ലോക്സഭാ മണ്ഡലത്തിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ മൂന്ന് നിയോജക മണ്ഡലങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള വോട്ടിങ് യന്ത്രങ്ങൾ ഉപവരണാധികാരികൾക്ക് കൈമാറി. ഇവ വിതരണ കേന്ദ്രമായ നിലമ്പൂർ അമൽ കോളെജിലും മഞ്ചേരി ചുള്ളക്കാട് ജി.യു.പി സ്കൂളിലുമാണ് സൂക്ഷിച്ചിട്ടുള്ളത്.

***********************************

## ചേലക്കര ......... ഇൻട്രോ

ചേലക്കര മണ്ഡലത്തിൽ തെരഞ്ഞെടുപ്പു പൂരം അവസാന ദിവസങ്ങളിലേക്ക് അടുക്കുമ്പോൾ മുതിർന്ന നേതാകളാണ് സ്ഥാനാർത്ഥികൾക്കൊപ്പം ജനങ്ങളെ നേരിട്ടുകണ്ട് വോട്ടുകൾ തേടുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.........**

(വോയ്സ്)

****************************************

## എൽ മുരുഗൻ

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ ഇന്ന് കേരളത്തിലെത്തും. ഇന്ന് രാത്രി കൊച്ചിയിലെത്തുന്ന അദ്ദേഹം നാളെ ഗുരുവായൂർ ഉൾപ്പെടെയുള്ള ക്ഷേത്രങ്ങൾ സന്ദർശിച്ച ശേഷം തമിഴ്നാട്ടിലേയ്ക്ക് തിരിക്കും. വെള്ളിയാഴ്ച തേനിയിലും നാമക്കല്ലിലും വിവിധ പരിപാടികളിൽ പങ്കെടുക്കും.

RNUTVPM

****************************************

## സ്പീക്കർ

കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസിൽ പങ്കെടുക്കാൻ സ്പീക്കർ എ.എൻ. ഷംസീർ ആസ്ട്രേലിയയിലെത്തി. കോമൺവെൽത്ത് രാജ്യങ്ങളിലെ നിയമനിർമ്മാണ സഭകൾ അംഗങ്ങളായ, അന്താരാഷ്ട്ര സംഘടനയാണ് കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ.

****************************************

## <u>സിനിമ-ശില്പശാല</u>

സിനിമകൾ തലമുറകളോളം കാത്തുസൂക്ഷിക്കാനുള്ള സാങ്കേതിക മാർഗങ്ങൾ പരിശീലിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള രാജ്യാന്തര ശിൽപശാലയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. ഫിലിം ഹെറിറ്റേജ് ഫൈണ്ടേഷൻ സംഘടിപ്പിക്കുന്ന ശില്പശാല നാളെ വൈകിട്ട് ഗോൾഫ് ക്ലബ്ബിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

*****************************************

## <u>അമേരിക്ക - തിരഞ്ഞെടുപ്പ്</u>

അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് പൂർത്തിയായപ്പോൾ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡൊണൾഡ് ട്രംപിന് മുന്നേറ്റം. ഇതുവരെ ട്രംപിന് 240ലേറെ ഇലക്ടറൽ വോട്ട് നേടാനായി. ഡെമോക്രാറ്റിക് സ്ഥാനാർത്ഥി കമലാ ഹാരിസിന് 187 ഇലക്ടറൽ വോട്ടാണ് ഇതുവരെ ലഭിച്ചതെന്ന് വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്യുന്നത്. ജയം ഉറപ്പിക്കാൻ സ്ഥാനാർത്ഥിക്ക് 270 ഇലക്ടറൽ വോട്ടുകളാണ് വേണ്ടത്.

RNU TVPM

*****************************************

## <u>ധനസഹായം-മന്ത്രിസഭ</u>

കാസർഗോഡ് നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർകാവ് ഭഗവതി ക്ഷേത്രത്തിൽ കളിയാട്ടത്തിനിടെ പടക്കശേഖരത്തിന് തീപിടിച്ചുണ്ടായ അപകടത്തിൽ മരണപ്പെട്ട നാലുപേരുടെയും ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 4 ലക്ഷം രൂപ വീതം അനുവദിക്കാൻ തീരുമാനിച്ചു. ഷൊർണ്ണൂർ റെയിൽവേ പാലത്തിൽ ശുചീകരണ പ്രവർത്തനത്തിനിടെ ട്രെയിൻ തട്ടി മരണപ്പെട്ട തമിഴ്നാട് സേലം സ്വദേശികളുടെ ആശ്രിതർക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 3 ലക്ഷം രൂപ വീതം അനുവദിക്കാൻ തീരുമാനിച്ചു.

**************************************

## കാലാവധി നീട്ടി -മന്ത്രിസഭ

സംസ്ഥാനത്ത് 2020 ജൂലൈ മുതൽ വിവിധ കേന്ദ്ര ഏജൻസികൾ നടത്തിവരുന്ന അന്വേഷണങ്ങൾ വഴിമാറുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിന് നിയമിച്ച ജസ്റ്റിസ് വി കെ മോഹനൻ അന്വേഷണ കമ്മീഷന്റെ കാലാവധി ആറ് മാസത്തേക്കു കൂടി നീട്ടി. മന്ത്രിസഭായോഗമാണ് തീരുമാനം എടുത്തത്.

**************************************

## ശബരിമല .. ഇരുമുടിക്കെട്ട്

ശബരിമല തീർത്ഥാടകരുടെ ഇരുമുടിക്കെട്ടിൽ നിന്ന് കർപ്പൂരം, സാമ്പ്രാണി, പനിനീര് എന്നിവ ഒഴിവാക്കണമെന്ന് ദേവസ്വം ബോർഡ് നിർദ്ദേശം. പവിത്രമായി ഭക്തർ ഇരുമുടിക്കെട്ടിൽ കൊണ്ടുവരുന്ന സാധനങ്ങളിൽ വലിയൊരു ഭാഗവും മാലിന്യമായി പാണ്ടിത്താവളത്തിലെ ഇൻസിനറേറ്ററിൽ കൊണ്ടുപോയി കത്തിച്ചുകളയുന്നത് ഒഴിവാക്കാനാണിതെന്ന് ദേവസ്വം ബോർഡ് അറിയിച്ചു. തന്ത്രി കണ്ഠര് രാജീവരുടെ അഭിപ്രായം സ്വീകരിച്ച ശേഷമാണ് ഇരുമുടിക്കെട്ടിൽ നിന്ന് ഇവ ഒഴിവാക്കാൻ തീരുമാനിച്ചത്.

RNUTVPM

**************************************

## കാട്ടാനശല്യം-കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് പഞ്ചായത്തിൽ രൂക്ഷമായ കാട്ടാന ശല്യം തടയുന്നതിനായി തൂക്കുവേലി നിർമ്മാണം ആരംഭിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ..........

(വോയ്സ്)

*******************************

## കായിക മേള

കൊച്ചിയിൽ നടക്കുന്ന സംസ്ഥാന സ്കൂൾ കായിക മേളയിൽ വിജയക്കുതിപ്പ് തുടർന്ന് തിരുവനന്തപുരം ജില്ല. ആകെ 529 ഗെയിംസ് ഇനങ്ങളിലെ 288 മത്സരങ്ങൾ പൂർത്തിയായപ്പോൾ 709 പോയിന്റുകളാണ് തിരുവനന്തപുരം നേടിയത്. തൃശ്ശൂർ രണ്ടാം സ്ഥാനത്തും, കണ്ണൂർ മൂന്നാം സ്ഥാനത്തുമാണ്. തിരുവനന്തപുരം സെൻറ് ജോസഫ് സ്കൂളും, വട്ടിയൂർകാവ് ഗവൺമെൻറ് V H S S -ഉം, കോട്ടൺഹിൽ ഗവൺമെൻറ് ഗേൾസ് H S S -മാണ് ഗെയിംസ് വിഭാഗത്തിൽ മുന്നിലുള്ളത്. അക്വാട്ടിക്സ് മത്സര ഇനങ്ങളിലും തിരുവനന്തപുരം ജില്ലയാണ് ഒന്നാമത്.

RNU TVPM

*******************************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളവും ഉത്തർപ്രദേശും തമ്മിലുള്ള മത്സരം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. ടോസ് നേടിയ കേരളം ഫീൽഡിങ് തെരഞ്ഞെടുത്തു. തുമ്പ സെയ്ന്റ് സേവ്യേഴ്സ് ഗ്രൗണ്ടിലാണ് മത്സരം.

*******************************

## സൂപ്പർ ലീഗ് കേരള

സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാംസെമിയിൽ കണ്ണൂർ വാരിയർസ് ഇന്ന് ഫോഴ്സ് കൊച്ചിയുമായി ഏറ്റുമുട്ടും. രാത്രി 7.30 ന് കോഴിക്കോട് ഇ.എം.എസ്.കോർപറേഷൻ സ്റ്റേഡിയത്തിലാണ്

മത്സരം. ഇന്നലെ നടന്ന ആദ്യ സെമിയിൽ തിരുവനന്തപുരത്തെ തോൽപ്പിച്ച് കാലിക്കറ്റ് ഫൈനലിൽ പ്രവേശിച്ചു.

*****************************************

## ഐ എസ് എൽ

ഐഎസ്എൽ ഫുട്ബോളിൽ എഫ് സി ഗോവ ഇന്ന് പഞ്ചാബ് എഫ് സിയെ നേരിടും. രാത്രി 7.30 ന് ഗോവയിലെ ഫത്തോർദ സ്റ്റേഡിയത്തിലാണ് മത്സരം.

*****************************************

## കെ എസ് എഫ് ഇ

സംസ്ഥാന പൊതുമേഖലാ ധനകാര്യ സ്ഥാപനമായ കെ എസ് എഫ് ഇ യ്ക്ക് ഇന്ന് 55 വയസ്സ്. 1969 നവംബർ ആറിനാണ് കെ എസ് എഫ് ഇ നിലവിൽ വന്നത്.

*****************************************

## പുരസ്കാരം

സ്വാതന്ത്ര്യ സമര സേനാനി വടക്കില്ലം ഗോവിന്ദൻ നമ്പൂതിരിയുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ പുരസ്കാരം എൻഡോസൾഫാൻ വിരുദ്ധ സമര പോരാളി അമ്പലത്തറ കുഞ്ഞികൃഷ്ണന് നൽകുമെന്ന് സംഘാടകർ കണ്ണൂരിൽ അറിയിച്ചു. 25000 രൂപയും പ്രശസ്തി പത്രവും അടങ്ങിയ അവാർഡ് ഈ മാസം 17 ന് പുറച്ചേരിയിൽ നടക്കുന്ന ചടങ്ങിൽ സമ്മാനിക്കും

*****************************************

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ ഇന്ന് വ്യാപാരം നേട്ടത്തോടെ ആരംഭിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 575 പോയിന്റ്

RNU TVPM

ഉയർന്ന് 80,051 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 182 പോയിന്റ് ഉയർന്ന് 24,396ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ വർധന. ഗ്രാമിന് 10 രൂപ ഉയർന്ന് 7,365 രൂപയും പവന് 80 രൂപ വർധിച്ച് 58,920 രൂപയുമാണ് ഇന്നത്തെ വില.

*******************************

## കടന്നൽ കുത്തേറ്റു മരിച്ചു

കോട്ടയം മുണ്ടക്കയം പുഞ്ചവയൽ പാക്കാനത്ത് കടന്നൽ കുത്തേറ്റ് വയോധിക മരിച്ചു. പാക്കാനം കാവനാൽ വീട്ടിൽ കുഞ്ഞിപ്പെണ്ണാണ് മരിച്ചത്. നാലു പേർക്ക് കടന്നലിന്റെ കുത്തേറ്റു.

*****************************************************************************************

RNU TVPM